# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4452 22/07/2015-ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ്: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; | (എ) | സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ. |
| (ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുകയും ചെയ്തു.<br><br>കുടിവെള്ള പദ്ധതി, പുതിയങ്ങാടി - 32.00 ലക്ഷം രൂപ<br>കുടിവെള്ള പദ്ധതി, മാട്ടൂൽ സൗത്ത് - 32.00 ലക്ഷം രൂപ<br>കുടിവെള്ള പദ്ധതി, മാട്ടൂൽ നോർത്ത് - 30.00 ലക്ഷം രൂപ<br>മൊബൈൽ ഡിസ്പൻസറി, പഴയങ്ങാടി - 7.95 ലക്ഷം രൂപ<br>ആയുർവേദ ആശുപത്രി നിർമ്മാണം, മാട്ടൂൽ - 13.00 ലക്ഷം രൂപ |

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് 2013-14- സാമ്പത്തിക വർഷത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യഗ്രാമത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണം പുരോഗമിക്കുകയും ചെയ്യുന്നു.

ഹൈമാസ്റ്റ് ലൈറ്റ്, പുതിയങ്ങാടി
- 7.00 ലക്ഷം രൂപ

ഫിഷർമെൻയൂട്ടിലിറ്റി സെന്റർ, പുതിയങ്ങാടി
- 178.00 ലക്ഷം രൂപ

അംഗനവാടി, പുതിയങ്ങാടി
- 16.00 ലക്ഷം രൂപ

നെറ്റ്മെന്റിംഗ് യാർഡ്, പുതിയങ്ങാടി
- 48.00 ലക്ഷം രൂപ

ഇതേ പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ പുതിയങ്ങാടി മത്സ്യഗ്രാമത്തിൽ 55.23 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒ.ബി.എം. ലോക്കർ റൂം സംവിധാനം നിർമ്മിച്ചു നൽകുന്നു.

കൂടാതെ ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി 4 ഗുണഭോക്താക്കൾക്ക് 2.24 ലക്ഷം രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.

**സെക്ഷൻ ആഫീസർ**